**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5537** **05-07-2024 - ൽ മറുപടിയ്ക്ക്**

**ഇതര സംസ്ഥാനങ്ങൾ പാലും പാലുല്പന്നങ്ങളും വിലകുറച്ച് വിൽക്കുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | മിൽമ ഉൾപ്പെടെയുള്ള കേരള സർക്കാർ സ്ഥാപനങ്ങളെക്കാൾ വിലകുറച്ച് ഇതര സംസ്ഥാനങ്ങളുടെ പാലും പാലുല്പന്നങ്ങളും നമ്മുടെ സംസ്ഥാനത്ത് വിപണനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളുടെ പാലും പാലുൽപ്പന്നങ്ങളും പ്രധാനമായും കർണ്ണാടകത്തിലെ നന്ദിനി, തമിഴ്നാട്ടിലെ ആവിൻ, ഗുജറാത്തിലെ അമൂൽ എന്നിവയും കൂടാതെ മറ്റ് പ്രൈവറ്റ് ബ്രാൻഡുകളും നമ്മുടെ സംസ്ഥാനത്തിൽ വില്പന നടത്തുന്നുണ്ട്. |
| (ബി) | എങ്കിൽ ഇതു പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ? | (ബി) | ഇപ്പോഴത്തെ സാഹചര്യത്തിൽ മറ്റ് സംസ്ഥാനങ്ങളിൽ ഉല്പാദിപ്പിക്കുന്ന പാലും പാലുൽപ്പന്നങ്ങളും നമ്മുടെ സംസ്ഥാനത്തിൽ വിൽക്കുന്നതിന് നിയമ തടസ്സം ഇല്ലാത്തതിനാൽ അവയുടെ വില്പന തടയുവാൻ സാധ്യമല്ല.<br><br>കർണ്ണാടക മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷന്റെ '**നന്ദിനി**' എന്ന പേരിലുള്ള പാൽ കേരളത്തിൽ വിൽക്കുകയും മിൽമ പാലിന്റെ വിപണി പിടിച്ചെടുക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് വിഷയം കർണ്ണാടക സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ട് വന്ന് വേണ്ട നടപടി സ്വീകരിക്കുന്നതിനായി കർണ്ണാടക സർക്കാരിന് സെക്രട്ടറി തലത്തിൽ കത്ത് നൽകിയിട്ടുണ്ട്.<br><br>ഇതര സംസ്ഥാനങ്ങളിൽ നിന്നും വരുന്ന പാലിന്റേയും പാലുല്പന്നങ്ങളുടെയും മത്സരം നേരിടുന്നതിനായി മിൽമ വിപണന ശൃംഖല ശക്തിപ്പെടുത്തുകയും, പരസ്യങ്ങൾ, സെയിൽസ് പ്രമോഷൻ മുതലായവ നടത്തിക്കൊണ്ട് വിൽപ്പന കൂട്ടുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. മറ്റു ബ്രാൻഡുകളോട് മത്സരിച്ചു നിൽക്കുന്ന രീതിയിലുള്ളതും ഉപഭോക്താക്കളുടെ മാറുന്ന അഭിരുചിക്കനുസൃതമായതുമായ വിവിധതരം ഉല്പന്നങ്ങളും റീ-പൊസിഷനിംഗ് മിൽമ എന്ന ദീർഘകാല കർമ്മ പദ്ധതിയുടെ ഭാഗമായി മിൽമ വിപണിയിൽ അവതരിപ്പിക്കുന്നുണ്ട്. ഇതിന്റെ |

| | | | |
|---|---|---|---|
| | | | ഭാഗമായി ഇൻസ്റ്റന്റ് പുളിശ്ശേരി മിക്സ്, വിവിധ തരം ഡാർക്ക് ചോക്ലേറ്റുകൾ, ബട്ടർ ബിസ്കറ്റ്, ബട്ടർ ഡ്രോപ്സ് എന്നീ പുതിയ ഉൽപ്പന്നങ്ങളും മിൽമ വിപണിയിൽ എത്തിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ